Draft #31 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 28-Feb-2022 04:11 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY • KOTTAYAM • विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

ജീവനക്കാര്യം: അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2151/AD A1/2022/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 28.02.2022

---

*പരാമർശം:*-1. പരിപത്രം നം. എഡി.എ 10/04/14/2020 തീയതി, 13.10.2020

2. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016.

3. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

## ഉത്തരവ്

ശ്രീമതി. ലത പി.എസ്. (PEN - 1627), ഹയർ ഗ്രേഡ് അസിസ്റ്റൻറ് രജിസ്ട്രാർ 3 (ഫിനാൻസ് വിഭാഗം), 28.02.2022 അപരാഹ്നം പരാമർശം (1) പ്രകാരം സർവ്വകലാശാലാ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

മേല്പറഞ്ഞത് പരിഗണിച്ച് താഴെ പരാമർശിക്കുന്ന സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം എന്നിവ 01.03.2022 പൂർവ്വാഹ്നം മുതൽ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ.സജി എം.കെ. (PEN:1769) അസിസ്റ്റൻറ് രജിസ്ട്രാർ (എസ്റ്റേറ്റ് ഓഫീസർ ) | അസിസ്റ്റൻറ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 95,600-1,53,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി.ലത പി.എസ്., അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) വിരമിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 2. | ശ്രീമതി.മിനി ജോർജ് (PEN:1773) സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) AC A- 7 സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700-1,23,700/-ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സജി എം.കെ., അസിസ്റ്റൻറ് രജിസ്ട്രാർ-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ - 3 (ഫിനാൻസ് വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| 3. | ശ്രീ.ജൂബിൻ ജോൺസ് (PEN:2422) സെക്ഷൻ ഓഫീസർ EB Online-QPM-1 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. മിനി ജോർജ്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 4. | ശ്രീമതി. താര നായർ (PEN:2706) അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ AD A-6 സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 - 1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജൂബിൻ ജോൺസ്, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | Ac A-7 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (2) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

Draft #31 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 28-Feb-2022 04:11 PM - Page 2

മലയാളസർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എ.IV/VI/എഫ്.സി.സി./എഡി സി I/II/III/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂഎ.സി./ഐ.ടി. സെൽ
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #31 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 28-Feb-2022 04:11 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം